# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം 66

11.03.2015 ലെ മറുപടിക്ക്

## വിനോദസഞ്ചാര മേഖലയിൽ ജനകീയ പങ്കാളിത്തം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എം.എ.വാഹീദ് | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) മിഷൻ 676ൽ ഉൾപ്പെടുത്തി വിനോദസഞ്ചാര മേഖലയിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;<br><br>സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം? | ബി) യും സി) യും മിഷൻ 676ൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>1. ഗോഡ്സ് ഓൺ കൺട്രി - പീപ്പിൾസ് ഓൺ ടൂറിസം:<br>കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം & ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) തയ്യാറാക്കിയ രൂപരേഖയുടെ അടിസ്ഥാനത്തിൽ ജനകീയ പങ്കാളിത്തത്തോടെ തിരഞ്ഞെടുത്ത 112 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്ന ഈ പദ്ധതി ഇടുക്കി, വയനാട് ജില്ലകളിൽ ആരംഭിച്ചു കഴിഞ്ഞു.<br><br>2. ഹോപ്പ് ഓൺ ഹോപ്പ് ഓഫ് ആന്റ് വാട്ടർ ടാക്സി ബോട്ട് സർവ്വീസ്:<br>റോഡ് ഗതാഗതത്തിന്റെ ബുദ്ധിമുട്ടുകൾ ഒഴിവാക്കി കൊച്ചിയുടെ ജലമാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി നഗരസൗന്ദര്യം ആസ്വദിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതി ആരംഭിച്ചുകഴിഞ്ഞു.<br><br>3. വിഭിന്നശേഷിയുള്ള വിനോദസഞ്ചാരികൾക്ക് വേണ്ടി വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സൗഹൃദ പശ്ചാത്തലമൊരുക്കൽ: |

(.....2)

വിഭിന്നശേഷിയുള്ള വിനോദസഞ്ചാരികളെ മുന്നിൽ കണ്ടുകൊണ്ട് ഇവർക്ക് വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് മുന്തിയ പരിഗണന നൽകാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയ്ക്ക്, കേരളത്തിലെ പ്രമുഖ വിനോദ സഞ്ചാര കേന്ദ്രമായ ഫോർട്ട് കൊച്ചിയിൽ വിഭിന്നശേഷിയുള്ളവർക്കായി മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ കേരളത്തിലെ മറ്റൊരു പ്രമുഖ ടൂറിസ്റ്റ് കേന്ദ്രം കൂടി തെരഞ്ഞെടുത്ത് ഇത്തരത്തിലുള്ളവർക്ക് സൗകര്യം ഒരുക്കി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

4. സ്പൈസ് റൂട്ട്:

പുരാതന കാലത്ത് വ്യാപാര ബന്ധം പുലർത്തിയിരുന്ന ഏഷ്യാ, ഫാർ ഈസ്റ്റ്, ആഫ്രിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെ 31-ഓളം രാജ്യങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പുരാതന ട്രേഡ് റൂട്ട് പുനരുദ്ധാരണത്തിലൂടെ ടി രാജ്യങ്ങളുമായുള്ള വ്യാപാര ബന്ധം മെച്ചപ്പെടുത്തുക, സാംസ്കാരികവും ചരിത്രപരവുമായ ബന്ധം വിപുലീകരിക്കുക, ആഗോള സഞ്ചാരികൾക്കായി ഒരു പുതിയ സഞ്ചാരമാർഗ്ഗം സൃഷ്ടിക്കുക, എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ്പൈസ് റൂട്ട് പദ്ധതിക്കു വേണ്ടി UNESCO യുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

5. കേരള സീപ്ലയിൻ പദ്ധതി:

കേരളത്തിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളോടൊപ്പം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങൾ കൂടി ബന്ധിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതിയുടെ ആദ്യഘട്ടം വിഭാവനം ചെയ്തിട്ടുള്ളത്. മൂന്ന് വിമാനത്താവളങ്ങൾക്ക് പുറമേ ആദ്യ ഘട്ടത്തിൽ കൊല്ലം ആശ്രാമം, ആലപ്പുഴ വട്ടക്കായൽ എന്നീ സ്ഥലങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

6. വിസ ഓൺ അറൈവൽ:

തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ്, ന്യൂസിലാൻഡ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമിയാർ, ഇൻഡോനേഷ്യ എന്നീ രാജ്യങ്ങളിൽ നിന്നു കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് ഈ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി വിമാനത്താവളത്തിൽ നിന്നു തന്നെ ടൂറിസ്റ്റ് വിസ ലഭ്യമാകും.

7. കോവളം ക്രാഫ്റ്റ് വില്ലേജ്:

കോവളം ക്രാഫ്റ്റ് വില്ലേജിന്റെ നവീകരണത്തിന് 4.5 കോടിരൂപയ്ക്കും 2.5 കോടി രൂപക്കും രണ്ട് പ്രവർത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി അന്തിമഘട്ടത്തിലാണ്.

**സെക്ഷൻ ഓഫീസർ**